**15 -ാം കേരള നിയമസഭ**

**14 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3513** **08-10-2025 - ൽ മറുപടിയ്ക്ക്**

**പോക്കുവരവിനുള്ള കാലതാമസം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. മാണി. സി. കാപ്പൻ | | ശ്രീ. കെ. രാജൻ<br>(റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് സബ് രജിസ്ട്രാർ ഓഫീസുകളിൽ നിന്നും ആധാരം രജിസ്റ്റർ ചെയ്തതിനുശേഷം ഓൺലൈൻ വഴി പോക്കുവരവിനായി വില്ലേജ് ഓഫീസുകളിൽ ലഭ്യമാകുന്ന അപേക്ഷകൾ തീർപ്പാക്കാതെ കെട്ടിക്കിടക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ പ്രസ്തുത അപേക്ഷകൾ സമയബന്ധിതമായി തീർപ്പാക്കുവാൻ നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടില്ല. പോക്കുവരവ് അപേക്ഷകൾ സമയബന്ധിതമായി തീർപ്പാക്കാൻ വില്ലേജ് ഓഫീസർമാർക്ക് നിർദ്ദേശം നൽകിയിട്ടുള്ളതും സബ് രജിസ്ട്രാർ ഓഫീസുകളിൽ നിന്നും ആധാരം രജിസ്റ്റർ ചെയ്തതിനു ശേഷം ഓൺലൈൻ വഴി പോക്കുവരവിനായി വില്ലേജ് ഓഫീസുകളിൽ ലഭ്യമാകുന്ന അപേക്ഷകൾ പരിഗണിച്ച് നിയമപ്രകാരമുള്ള നടപടിക്രമങ്ങൾ പൂർത്തിയാക്കി സമയപരിധിക്കുള്ളിൽ തീർപ്പാക്കി വരുന്നു. സബ് രജിസ്ട്രാർ ആഫീസിൽ നിന്നും ആധാരം ഓൺലൈനിൽ അപ് ലോഡ് ചെയ്ത് വരുവാൻ താമസിക്കുന്ന അപേക്ഷകളിലാണ് നടപടി സ്വീകരിക്കുവാൻ കാലതാമസം നേരിടാറുണ്ട്.<br><br>സബ് ഡിവിഷൻ ആവശ്യമില്ലാത്ത അപേക്ഷകൾ വില്ലേജ് ഓഫീസിലും സബ് ഡിവിഷൻ ആവശ്യമായ അപേക്ഷകൾ താലൂക്ക് ഓഫീസിലും തീർപ്പാക്കുന്നു. സാങ്കേതിക തടസ്സങ്ങളില്ലാത്ത ഫയലുകൾ സേവനാവകാശ നിയമപ്രകാരം സമയപരിധിക്കുള്ളിൽ തീർപ്പാക്കി വരുന്നു. |
| (ബി) | വില്ലേജ് ഓഫീസുകളിൽ ലഭ്യമാകുന്ന പ്രസ്തുത അപേക്ഷകൾ മുൻഗണനാപ്രകാരമാണോ തീർപ്പാക്കുന്നതെന്നും; അല്ലെങ്കിൽ ഈ അപേക്ഷകൾ മുൻഗണനാ പ്രകാരം തീർപ്പാക്കുന്നതിന് നടപടി സ്വീകരിക്കുമോയെന്നും വിശദമാക്കാമോ? | (ബി) | നിയമ തടസ്സമോ സാങ്കേതിക തടസ്സമോ ഇല്ലാത്ത അപേക്ഷകൾ മുൻഗണനാപ്രകാരം തീർപ്പാക്കി വരുന്നു. |

സെക്ഷൻ ഓഫീസർ